Page 1 of 2

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ അന്നമനട പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലപ്പുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും പര്യവേക്ഷണവും രൂപകല്പനയും വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും രൂപകല്പന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 4000 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നുവെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികളുടെ പട്ടികയിൽ ഈ പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഭരണാനുമതിക്കായി ഡി.പി.ആർ. പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തികൾ

174(5621) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പദ്ധതികളുടെ ഡി.പി.ആർ. നബാർഡ് ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കുമോ; പദ്ധതി യാഥാർത്ഥ്യമായാൽ ലഭിക്കുന്ന ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് ബൊംബ്രാണയിൽ ഷിറിയ പുഴയ്ക്ക് കുറുകെ നിലവിലുള്ള കാലഹരണപ്പെട്ട ബൊംബ്രാണ അണക്കെട്ടിന് മുകൾവശത്തായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 118 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ മംഗൽപാടി, കുമ്പള എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽ നിന്നുള്ള ഉപ്പുവെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള, മംഗൽപാടി പഞ്ചായത്തുകളിലെ 999 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 30.60 കോടി രൂപയാണ്. കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് കഞ്ചിക്കട്ടയിൽ കുമ്പള പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 72 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കൊടിയമ്മ, കുമ്പള എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽനിന്നുള്ള ഉപ്പുവെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള പുഴയുടെ പരിസരത്തുള്ള 320 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 18.00 കോടി രൂപയാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പുവർഷം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തി നടപ്പുസാമ്പത്തികവർഷം നബാർഡ് ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്

175(5622) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പാർശ്വഭിത്തി സംരക്ഷണത്തിന് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;